"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

നം. ഡിഎ1/295/2024-തസ്വഭവ
തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്
തിരുവനന്തപുരം,
തീയതി: 24-09-2024

<u>സർക്കുലർ</u>

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് - തദ്ദേശഭരണ സ്ഥാപനങ്ങളിൽ കർഷക ഗ്രാമസഭകൾ സംഘടിപ്പിക്കുന്നത് - സംബന്ധിച്ച്.

സൂചന:- വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 13.08.2024-ന നടന്ന യോഗത്തിന്റെ തീരുമാനം 4.16

************************

എല്ലാ ഗ്രാമപഞ്ചായത്തുകളിലും നഗര ഭരണ സ്ഥാപനങ്ങളിലും 2025-26 വർഷത്തെ പദ്ധതി രൂപീകരണം മുതൽ കർഷകഗ്രാമസഭ വിളിച്ചുകൂട്ടാവുന്നതാണ്. ഗ്രാമസഭ കൂടുന്നതിന് മുൻപാണ് കർഷകസഭ കൂടേണ്ടത്. കർഷക സഭകൾ കൂടുന്നത് സംബന്ധിച്ച അധിക നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

- കർഷക സഭയിൽ ചർച്ച ചെയ്യുന്ന വിഷയങ്ങൾ മുൻകൂട്ടി തദ്ദേശഭരണ സ്ഥാപനത്തിന്റെ ഭരണസമിതി/ കൗൺസിലിന് നൽകി പ്രസിഡന്റ്/ചെയർമാൻ/വാർഡ് മെമ്പർ എന്നീ ജനപ്രതിനിധികളുടെ നേതൃത്വത്തിലാണ് കർഷകസഭ കൂടേണ്ടത്.
- കൃഷി അസിസ്റ്റന്റ് കൺവീനറായ ഒരു കമ്മിറ്റി തദ്ദേശഭരണ സ്ഥാപനങ്ങളിൽ രൂപീകരിച്ച് ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുമായി ചർച്ച ചെയ്താണ് അജണ്ട തയ്യാറാക്കേണ്ടത്. തദ്ദേശഭരണ സ്ഥാപനത്തിന്റെ നേതൃത്വവുമായി അജണ്ട ചർച്ച ചെയ്ത് അന്തിമമാക്കണം.
- ഇതിനായി കർഷകസഭയിൽ അവതരിപ്പിക്കാൻ കൃഷി ഓഫീസർ കാർഷിക മേഖലയിലെ സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കണം. തദ്ദേശഭരണ സ്ഥാപനങ്ങളുടെ സമഗ്ര പുരോഗതി ലക്ഷ്യമാക്കുന്ന വിധത്തിൽ പ്രദേശത്തിന്റെ വിഭവ ലഭ്യതയും വികസന സാധ്യതയും യോജിച്ച സമഗ്ര പദ്ധതി നിർദ്ദേശങ്ങൾ ഏതൊക്കെയാണെന്ന് യോഗത്തിൽ ചർച്ച ചെയ്ത് ധാരണയിൽ എത്തണം. തദ്ദേശഭരണ സ്ഥാപനത്തിന്റെ നേതൃത്വത്തിൽ നടപ്പാക്കുന്ന പദ്ധതികൾ, സംസ്ഥാനാവിഷ്കൃത പദ്ധതികൾ, കേന്ദ്രാവിഷ്കൃത പദ്ധതികൾ എന്നിവ സംബന്ധിച്ച രൂപരേഖ ബന്ധപ്പെട്ട കൃഷി ഓഫീസർ നൽകണം. തദ്ദേശഭരണ സ്ഥാപനങ്ങളുടെ വികസന പദ്ധതികളുമായി സംസ്ഥാനാവിഷ്കൃത പദ്ധതികൾ, കേന്ദ്രാവിഷ്കൃത പദ്ധതികൾ എന്നിവ സംയോജിപ്പിക്കുന്നതിന്റെ സാധ്യതകൾ ചർച്ച ചെയ്യണം. മേൽ സൂചിപ്പിച്ച വിശദാംശങ്ങൾ കർഷകസഭയിൽ അവതരിപ്പിച്ച് ചർച്ച ചെയ്യണം.
- കർഷക സഭയുടെ നടപടിക്രമം മുൻകൂട്ടി തയ്യാറാക്കണം. കൃഷി മേഖലയ്ക്കൊപ്പം

അനുബന്ധ മേഖലയായ മൃഗസംരക്ഷണം, ക്ഷീരവികസനം എന്നീ മേഖലകൾ കൂടി അജണ്ടയിൽ ഉൾപ്പെടുത്തേണ്ടതാണ്.

- പ്രത്യേക കർഷക സഭകൾ കൂടാൻ കഴിയാത്ത സാഹചര്യത്തിൽ വിശേഷാൽ പ്രാധാന്യത്തോടെ ഭരണസമിതി/കൗൺസിൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഗ്രാമസഭ/ വാർഡ്സഭയോടൊപ്പം ആയത് കൂടാവുന്നതാണ്.
- ഓരോ വാർഡിലും എന്ന നിലയിലോ ഒന്നിലധികം വാർഡുകൾ ഒരുമിച്ചായോ കർഷകസഭ കൂടുന്ന രീതി സാഹചര്യങ്ങൾക്കനുസൃതമായി പരിഗണിക്കാവുന്നതാണ്. കർഷക സഭയുടെ നിർദ്ദേശങ്ങൾക്ക് ഗ്രാമസഭയുടെ അംഗീകാരം വാങ്ങേണ്ടതാണ്.

MANOJ T
ജോയിന്റ് സെക്രട്ടറി

പകർപ്പ്

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
4 പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
5. ഡയറക്ടർ-റൂറൽ, തദ്ദേശസ്വയംഭരണ വകുപ്പ്
6. ഡയറക്ടർ-അർബൻ, തദ്ദേശസ്വയംഭരണ വകുപ്പ്
7. ഡയറക്ടർ, കാർഷികവികസന കർഷകക്ഷേമ വകുപ്പ്
8. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
9. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും
10. എല്ലാ ജില്ലാകളക്ടർമാർക്കും
11. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
12. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശസ്വയംഭരണ വകുപ്പ്)
13. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
14. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
15. ഡയറക്ടർ ജനറൽ, കില
16. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
17. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
18. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
19. കൃഷി വകുപ്പ്
20. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Viraj K
Date: 24-09-2024 13:59:59
സെക്ഷൻ ഓഫീസർ.